(സി) ജസ്റ്റിസ് സുകുമാരൻ കമ്മിഷൻ അന്വേഷണ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ തൽക്കാലം പണികൾ നിർത്തിവച്ചിരിക്കുകയാണ്. പണി പുനരാരംഭിക്കാൻ കമ്മിഷന്റെ അനുമതി ലഭിച്ചുകഴിഞ്ഞാൽ ഏകദേശം 5 മാസത്തിനകം പദ്ധതി കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ.

വർദ്ധിപ്പിച്ച വൈദ്യുതി ചാർജ്

490. [688] ശ്രീ. കെ. പി. പ്രഭാകരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. പി. കുമാരൻ :
,, എം. കെ. കേശവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെയുള്ള കാലയളവിൽ ഓരോ തവണയും വർദ്ധിപ്പിച്ച വൈദ്യുതി ചാർജ് എത്രയെന്നും എന്നു മുതലാണ് വർദ്ധനവ് നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ കറൻറ് ചാർജ്ജ് വർദ്ധനവുമൂലം ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ച അധിക വരുമാനം എത്ര ?

ഉത്തരം

(എ) 1982-ലാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചത്. വിശദ വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. †

(ബി) 1982 സെപ്റ്റംബർ മുതൽ 1985 മാർച്ച് വരെ വരുമാനത്തിൽ 100 കോടി രൂപയുടെ വർദ്ധനവുണ്ടായി.

ഇലക്ട്രിസിറ്റി ബോർഡിലെ ജനറൽ ട്രാൻസ്ഫർ

491. [689] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഇലക്ട്രിസിറ്റി ബോർഡിൽ ജനറൽ ട്രാൻസ്ഫർ നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നത്തേക്കു നടക്കും ;

(സി) തിരുവനന്തപുരത്തു നിന്നും ട്രാൻസ്ഫർ ചെയ്യപ്പെടേണ്ടിവരുന്ന വനിതാ ജീവനക്കാരെ കഴിയുന്നതും അടുത്തുള്ള ജില്ലയിലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ നിർദ്ദേശം നൽകാമോ ;

(ഡി) തിരുവനന്തപുരത്തുനിന്നും ട്രാൻസ്ഫർ ചെയ്യപ്പെടേണ്ടി വരുന്നവർ എത്രകാലം ഇവിടെ തുടർച്ചയായി കഴിയുന്നവരായിരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുസ്ഥലം മാറ്റം നടത്താൻ ഇപ്പോൾ തൽക്കാലം ഉദ്ദേശിക്കുന്നില്ല. എന്നാൽ കഴിഞ്ഞ വർഷം ഏതാനും ചില തസ്തികകൾ കുറവു

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതുമൂലം വന്ന സർപ്ലസ് അഡ്ജസ്റ്റു ചെയ്യാൻ സ്ഥലംമാറ്റം നടത്തേണ്ടതായി വരും.

(ബി) ഏപ്രിൽ-മേയ് മാസങ്ങളിൽ മേൽ സൂചിപ്പിച്ച സ്ഥലംമാറ്റം നടത്തണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഇതു പരിഗണിക്കുന്നതാണ്.

(ഡി) മൂന്നുകൊല്ലം തുടർച്ചയായി ഒരേ സ്ഥലത്തു സർവീസുള്ളവരെയാണ് മാറ്റാൻ ഉദ്ദേശിക്കുന്നത്.

അച്ചടിക്കേണ്ട പാഠപുസ്തകങ്ങളുടെ എണ്ണം

492. [691] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടുത്ത വർഷം വിവിധ സ്റ്റാൻഡേർഡുകളിലേക്ക് മൊത്തം എത്ര പുസ്തകങ്ങളും അച്ചടിക്കേണ്ടതായി വരും ?

ഉത്തരം

226. ഇനം പുസ്തകങ്ങളിലായി ഏകദേശം മൂന്നുകോടി പുസ്തകങ്ങളും അച്ചടിക്കേണ്ടതായി വരും.

1985-86 സ്ക്കൂൾ വർഷത്തിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണത്തിലുള്ള കാലതാമസം

493. [693] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സ്ക്കൂൾ വർഷത്തിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങളും സ്ക്കൂൾ വർഷാവസാന സമയത്തും എത്തിച്ചേർന്നിട്ടില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒമ്പതാം സ്റ്റാൻഡാർഡിലെ തമിഴ് മീഡിയം കണക്ക് പുസ്തകം എന്നാണ് അച്ചടിച്ച് പ്രസിദ്ധീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) 1986-87 സ്ക്കൂൾ വർഷത്തിൽ പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് സ്ക്കൂളുകളിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഇല്ല.

(ബി) 1985 നവംബർ മാസത്തിൽ വിതരണം ചെയ്തിരുന്നു.

(സി) 1986-87 വർഷത്തിൽ പുതുക്കിയിട്ടുള്ള രണ്ട്, ഏഴ്, പത്ത് എന്നീ ക്ലാസുകളിലെ പുതുക്കിയ പുസ്തകങ്ങളൊഴികെ എല്ലാ പുസ്തകങ്ങളും ഏപ്രിൽ മുതൽ സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ പൂർത്തിയായിക്കഴിഞ്ഞു. മാറ്റമുള്ള പുസ്തകങ്ങളുടെ അച്ചടിജോലി ധൃതഗതിയിൽ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly